**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ്-19-നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങൾ-സംസ്ഥാനത്തെ കൃഷിഭവനുകൾ തുറന്നു പ്രവർത്തിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.458/2021/DMD തീയതി,തിരുവനന്തപുരം, 05/06/2021

പരാമർശം:- 1. സ.ഉ(സാധാ) നം.404/2021/ഡി.എം.ഡി തീയതി 06.05.2021.

2. കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/05/2021 ടി.ആർ(1) 4546/21 നമ്പർ കത്ത്.

**ഉത്തരവ്**

2021 മെയ് മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിരിക്കുന്നതിനാൽ കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ആയത് പരിശോധിച്ച് കൃഷി നാശം വിലയിരുത്തുന്നതിനും ലോക്ക് ഡൗൺ ആയതിനാൽ കൃഷി ഭവനുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ലായെന്നും, നിലവിൽ വ്യാപകമായ കാറ്റും മഴയും മൂലം കർഷകർക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ, അത്യാവശ്യം ഉദ്യോഗസ്ഥരെ ആവശ്യമായ സന്ദർഭങ്ങളിൽ നിയോഗിച്ച് കൃഷി ഭവനുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം കാർഷിക വികസനകർഷക ക്ഷേമ വകുപ്പ്ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസനകർഷക ക്ഷേമ വകുപ്പ്ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയിൽ അത്യാവശ്യം ജീവനക്കാരെ നിയോഗിച്ച് കൃഷി ഭവനുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈൻ.എ.ഹക്ക്

അഡിഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

കൃഷി വകുപ്പ്

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ